**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി അക്രമണം മൂലമുണ്ടായ ജീവഹാനി, കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി അക്രമണം മൂലമുണ്ടായ ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; വന്യജീവി അക്രമണം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വന്യജീവി ആക്രമണം മൂലം 187 പേർക്ക് ജീവഹാനിയും 10091 പേർക്ക് കൃഷിനാശവും ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>മൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നവയെ തിരികെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കു പുറമെ ആവശ്യത്തിന് ദിവസ വേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാസമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്റ്റ് ലവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും കാലാ കാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി വരുകയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രണ വിധേയമാക്കാൻ പ്രായോഗികവും സംയോജിതവുമായ സമീപനം ആവശ്യമാണ്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിലേക്ക് സമർപ്പിക്കുന്നതിനായി സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | വന വിസ്തൃതിക്കനുസരിച്ചല്ല വന്യജീവികളുടെ എണ്ണപ്പെരുപ്പമെന്നതുകൊണ്ട് അവയുടെ ജനന നിയന്ത്രണം സാദ്ധ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ജനന നിയന്ത്രണത്തിനായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | വന്യജീവികൾ കാടിറങ്ങിവരുന്നതിന് കാരണമായി പറയുന്ന വനത്തിനകത്തെ ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം നിമിത്തമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരമായി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | വനത്തിനുള്ളിൽ ജലലഭ്യതയുറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. വനത്തിനുള്ളിൽ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് വയലുകളുടെ അറ്റകുറ്റപ്പണികൾ, നിയന്ത്രിത കത്തിക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തി വരുന്നു. അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിന് നബാർഡ്/ആർ.കെ.ഡി.പി പദ്ധതികളിലുൾപ്പെടുത്തി ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വനത്തിനകത്ത് മുള ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നുണ്ട്. കൂടാതെ ഇക്കോ-റീസ്റ്റോറേഷൻ പ്രവർത്തികൾ നടത്തുന്നുണ്ട്. വ്യാവസായികാവശ്യത്തിനായി വച്ചു പിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സർക്കിൾ | ജീവഹാനി സംഭവിച്ച വരുടെ എണ്ണം | കൃഷിനാശം സംഭവിച്ചവ രുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 40 | 1385 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 1 | 116 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | 3 | 1114 |
| നോർതേൺ സർക്കിൾ, കണ്ണൂർ | 42 | 4047 |
| ഹൈറെയിഞ്ച് സർക്കിൾ, കോട്ടയം | 22 | 593 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 58 | 1603 |
| സെൻട്രൽ സർക്കിൾ. തൃശൂർ | 20 | 1185 |
| അഗസ്ത്യവനം ബയോളജി ക്കൽ പാർക്ക് | 1 | 48 |
| **ആകെ** | **187** | **10091** |